(എ) ഈ സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണം വഴി നടപ്പിലാക്കേണ്ട പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് എത്ര ഗഡു തുക കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ കൊടുക്കുവാൻ ബാക്കിയുള്ള തുക എത്ര ;

(സി) ഇത് എന്നത്തേക്ക് കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത ഗഡുക്കളുടെ സംഖ്യ പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ ;

(ഇ) പഞ്ചായത്തുകളിൽ നിന്ന് നിർദ്ധന വിഭാഗത്തിൽപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനു നൽകി വന്നിരുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ടു ഗഡു തുക നൽകിയിട്ടുണ്ട്.

(ബി) രണ്ടു ഗഡു തുക കൂടി കൊടുക്കുവാനുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകൾ നടപ്പുവർഷത്തെ പ്രാരംഭ ബാക്കിയും ഒന്നും രണ്ടും ഗഡുക്കൾ ഉൾപ്പെടെയുള്ളതുകയുടെ 30%-മോ അതിലധികമോ ചെലവഴിച്ചു എന്നുള്ള സർട്ടിഫിക്കറ്റു സഹിതം അപേക്ഷ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകുന്ന മുറയ്ക്ക് മൂന്നാം ഗഡുവും ഫാറം നമ്പർ 12-ൽ പ്രാരംഭ ബാക്കിയും ഒന്നും രണ്ടും മൂന്നും ഗഡുക്കൾ ഉൾപ്പെടെയുള്ള തുകയുടെ 60%-ൽ അധികം ചെലവഴിച്ചതായുള്ള സർട്ടിഫിക്കറ്റു സഹിതം ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അപേക്ഷ നൽകുന്ന മുറയ്ക്ക് അടുത്ത ഗഡുവും അനുവദിക്കുന്നതാണ്.

(ഡി) ഓരോ ഗ്രാമപഞ്ചായത്തുകൾക്കും ഇപ്രകാരം അനുവദിക്കുന്ന തുക അവർക്കായി 2000-01 ബഡ്ജറ്റ് അനുബന്ധം 4-ൽ ചേർത്തിട്ടുള്ളതിന് അനുസരണമായി 4 തുല്യ ഗഡുക്കളായിട്ടാണ് വിതരണം ചെയ്യുന്നത്. ഇനി മൂന്നും നാലും ഗഡുക്കളാണ് വിതരണം ചെയ്യാനുള്ളത്.

(ഇ) ജി.ഒ (എം.എസ്) 20/99/പ്ലാനിംഗ് 5-4-1999 പ്രകാരം നിർദ്ധന വിഭാഗത്തിൽപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് നൽകിവരുന്ന സബ്സിഡി തുക പരമാവധി 2000 രൂപയാണ്.

**ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി തുക അനുവദിക്കാൻ നടപടി**

78 (1333) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെന്ന കാരണത്താൽ ചില ബ്ലോക്ക് പഞ്ചായത്തുകൾക്ക് 1999-2000 വർഷത്തെ നാലാം ഗഡു പദ്ധതി തുക അനുവദിച്ചിട്ടില്ലെന്ന കാര്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇപ്പോൾ നാലാം ഗഡു തുക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) യഥാസമയം അപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ (31-3-2000 വരെ) കുറ്റിപ്പുറം, പേരാമ്പ്ര, ബാലുശ്ശേരി, ഇരിക്കൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നാലാം ഗഡു തുക നൽകിയിട്ടില്ല.

(ബി) ഇരിക്കൂർ ബ്ലോക്കിന് മുൻവർഷം നൽകേണ്ട നാലാം ഗഡു തുക നൽകുന്ന കാര്യം പരിഗണനയിലാണ്. കുറ്റിപ്പുറം, പേരാമ്പ്ര, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് തുക നൽകുന്ന കാര്യം പരിഗണനയിൽ ഇല്ല.

**ജനകീയാസൂത്രണ പദ്ധതികൾക്കായി ചെലവാക്കിയ തുക**

**79 (1334)** ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര തുക ചെലവാക്കിയിട്ടുണ്ട് ;

(ബി) ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

| | | |
|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകൾ | 1,45,353.387 ലക്ഷം രൂപ |
| | ബ്ലോക്ക് പഞ്ചായത്തുകൾ | 2,69,45,81,419 രൂപ |
| | നഗരസഭകൾ | 40,556.92 ലക്ഷം രൂപ |

ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

**ഫ്ളാറ്റുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി**

**80 (1337)** ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായി പണിതുയർത്തുന്ന ഫ്ളാറ്റുകളുടെ സുരക്ഷിതത്വം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കൊച്ചി, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ കായൽ നികത്തിയും ചതുപ്പുനിലം നികത്തിയും പണിയുന്ന ഫ്ളാറ്റുകൾ സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ ;

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly